# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1830 04-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.പി.കെ. ശശി

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

## സർക്കാരിന്റെ ബാധ്യതകൾ

| | | |
|---|---|---|
| (എ) | മുൻസർക്കാർ അധികാരമൊഴിയുമ്പോൾ ഉള്ള ട്രഷറി ബിൽ ഹോൾഡിംഗ്സ് എത്ര ; കുടിശ്ശിക എത്ര ; 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടു ക്കുവാൻ അനുമതി നൽകിയ തുക എത്ര ; ഇവ വ്യക്തമാക്കാമോ ; | മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ ട്രഷറിബില്ലുകളിലെ നിക്ഷേപം 1009.30 കോടി രൂപയായിരുന്നു. അതേ സമയം ഏതാണ്ട് 7160 കോടി രൂപയുടെ അടിയന്തിര ബാദ്ധ്യതകൾ കൊടുത്തു തീർക്കാനുണ്ടായിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കുന്നതിനായി നിശ്ചയിച്ചിരുന്ന പരിധി 18524 കോടി രൂപയായിരുന്നു. |
| (ബി) | 24-05-2016-ൽ ഏതെല്ലാം ക്ഷേമപെൻഷനുകളിൽ കുടിശ്ശിക നൽകുവാനുണ്ടായിരുന്നു എന്നും എത്ര തുക ഇതിനായി വേണ്ടിയിരുന്നു എന്നും ഇതിൽ എത്ര തുക ഈ സർക്കാർ നല്കി എന്നും വ്യക്തമാക്കുമോ ; | 24-05-2016-ൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ, ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ, വിധവാപെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷ പെൻഷനുകളിൽ 1525.34 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ സർക്കാർ പ്രസ്തുത കുടിശ്ശിക തീർത്ത് ക്ഷേമപെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്. |

<table>
<tr>
<td>(സി)</td>
<td>മുൻസർക്കാർ കരാറുകാർക്ക് കൊടുക്കുവാനുണ്ടായിരുന്ന തുക എത്ര ; പെൻഷൻ കുടിശ്ശിക എത്ര ; വിവിധ വകുപ്പുകൾക്ക് നൽകാനുണ്ടായിരുന്നത് എത്ര; പൊതു മേഖലാ സ്ഥാപനങ്ങൾ / ക്ഷേമനിധികൾ/ ബോർഡുകൾ എന്നിവയിൽ നിന്നും സ്ഥിര നിക്ഷേപമായി സ്വീകരിച്ചിരുന്ന തുക എത്ര ; ഇവ വ്യക്തമാക്കുമോ;</td>
<td>ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ അടിയന്തിരമായി കൊടുത്തുതീർക്കാനുണ്ടായിരുന്ന ഹ്രസ്വകാല ബാദ്ധ്യതകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>ഇനം</th><th>രൂപ (കോടിയിൽ)</th></tr>
<tr><td>1.</td><td>സാമൂഹ്യസുരക്ഷാ പെൻഷൻ</td><td>1525.34</td></tr>
<tr><td>2.</td><td>ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയത്</td><td>1431.00</td></tr>
<tr><td>3.</td><td>കരാറുകാർക്കും ബിൽ റീഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകാനുണ്ടായിരുന്നത്</td><td>1775.59</td></tr>
<tr><td>4.</td><td>വേയ്സ് ആന്റ് മീൻസ്, ട്രഷറി ക്യൂ</td><td>800.00</td></tr>
<tr><td>5.</td><td>വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ / ബോർഡുകൾ എന്നിവയിൽനിന്നും സമാഹരിച്ച തുക</td><td>1365.00</td></tr>
<tr><td>6.</td><td>മറ്റ് പെൻഷനുകൾ (കർഷകർ, മത്സ്യത്തൊഴിലാളികൾ, കയർ തുടങ്ങിയവ)</td><td>268.00</td></tr>
<tr><td></td><td>ആകെ</td><td>7164.93</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ഇവ സർക്കാരിനുണ്ടാക്കുന്ന ബാധ്യതകൾ എത്രയെന്നും അതിനെ എപ്രകാരം നേരിടാനാണ് ശ്രമിക്കുന്നതെന്നും വ്യക്തമാക്കുമോ ?</td>
<td>വിവിധ ഇനങ്ങളിലായി 7165 കോടി രൂപയുടെ അടിയന്തിര ബാധ്യത അവശേഷിപ്പിച്ചാണ് മുൻസർക്കാർ അധികാരം ഒഴിഞ്ഞത്. അധിക വിഭവസമാഹരണത്തിലൂടെയും അനാവശ്യചെലവ് നിയന്ത്രിച്ചും നികുതി പിരിവ് ഊർജ്ജിതമാക്കിയും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും പ്രസ്തുത സാമ്പത്തിക ബാധ്യത തരണം ചെയ്യുന്നതിനാണ് സർക്കാർ ശ്രമിച്ചത്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**